## ആശുപത്രികൾക്കുള്ള മാലിന്യ മുക്ത കേരളം അവാർഡ്

'മാലിന്യമുക്തകേരളം' പരിപാടിയുടെ രണ്ടാം ഘട്ടം പ്രവർത്തനരേഖ രാഷ്ട്രപതി പ്രതിഭാ പാട്ടീൽ, കേരളപ്പിറവി ദിനമായ 2007 നവംബർ 1 ന് തിരുവനന്തപുരത്ത് പ്രകാശനം ചെയ്തു. 11-ാം പഞ്ചവത്സര പദ്ധതി യുടെ അവസാനത്തോടെ സംസ്ഥാനത്തെ മാലിന്യ മുക്തമാക്കുകയാണ് ലക്ഷ്യം. ഈ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ഊർജ്ജിതായി മുന്നോട്ടു കൊണ്ടു പോകുന്ന ആശുപത്രികൾക്ക് അവാർഡ് ഏർപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ അടക്കമുള്ള ആശുപത്രികൾക്കും, പബ്ളിക് ഹെൽത്ത് സെന്ററിനെ പ്രത്യേകവും ആണ് അവാർഡിന് പരിഗണിക്കുക. ആശുപത്രികൾക്ക് 20,000 രൂപയുടെ 2 അവാർഡും, PHC യ്ക്ക് 10,000 രൂപ വീതം 2 അവാർഡുകളും നൽകുന്നതാണ്. താഴെപ്പറയുന്ന ഘടകങ്ങളിൽ മികച്ച നിലവാരം കൈവരിക്കുന്ന ആശുപത്രികളെ ആയിരിക്കും അവാർഡിന് യോഗ്യരായി പരിഗണിക്കുന്നത്.

<u>**ഘടകങ്ങൾ**</u>

- ഖരമാലിന്യസംസ്കരണവും അതിന്റെ സംവിധാനങ്ങളും
- ദ്രവമാലിന്യസംസ്കരണ പ്രവർത്തനങ്ങൾ
- മനുഷ്യവിസർജ്ജ്യ സംസ്കരണം
- കുടിവെള്ളം
- ആശുപത്രികളിൽ ബയോ മെഡിക്കൽ മാലിന്യത്തിന്റെ സംസ്കരണ സംവിധാനവും സ്ഥാപനത്തിലുള്ളിലെയും പരിസരത്തിന്റെയും ശുചിത്വം എന്നീ ഘടകങ്ങൾ വിലയിരുത്തേണ്ടതാണ്.

**താഴെ പറയുന്ന ഘടകങ്ങളും മാർക്കും അനുസരിച്ചായിരിയ്ക്കും അവാർഡ് നിർണ്ണയിക്കുന്നത്.**

| | | | |
|---|---|---|---|
| i. | ഖരമാലിന്യ സംസ്കരണം | - | 20 |
| ii. | ദ്രവമാലിന്യസംസ്കരണം | - | 10 |
| iii. | മനുഷ്യവിസർജ്ജ്യ സംസ്കരണം | - | 20 |
| iv. | ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് | - | 30 |
| v. | പരിസരത്തിന്റെ വൃത്തി | - | 20 |
| | **ആകെ** | - | **100** |

ഖരമാലിന്യസംസ്ക്കരണം രംഗത്ത് ബയോ മെഡിക്കൽ വേസ്റ്റ് അടക്കമുള്ള മാലിന്യം വേർതിരിച്ചു ശേഖരിക്കുകയും, സംസ്കരണ സംവിധാനം രൂപപ്പെടുത്തുകയും ചെയ്തിട്ടുള്ളത് പരിഗണിക്കപ്പെടും. ജൈവമാലിന്യത്തിന്റെ സംസ്കരണം എങ്ങനെ നടത്തുന്നു എന്നത് പ്രത്യേകം പരിശോധിക്കപ്പെടുകയും ചെയ്യും.

ദ്രവമാലിന്യം സംസ്കരിക്കാതെ പരിസരത്ത് കെട്ടികിടക്കുകയോ, അത് സംസ്കരിക്കുന്നതിന് വിവിധ തരത്തിലുളള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുളളത്, പ്രത്യേകിച്ച് സോക്കേജ് പിറ്റ്, ടാങ്ക് നിർമ്മാണം, തണ്ണീർതട നിർമ്മാണമടക്കം നിർമ്മിച്ചു കൊണ്ടു ഇടപ്പെട്ടിട്ടുണ്ടോ എന്ന് പരിഗണിക്കപ്പെടുന്നതാണ്.

മനുഷ്യവിസർജ്ജ്യത്തിന്റെ സംസ്കരണത്തിന് ആവശ്യമായ ടോയ്‌ലറ്റുകൾ ഉണ്ടോ എന്നതും, വൃത്തിയായി പരിപാലിക്കുന്നുണ്ടോ എന്നതും പരിഗണിക്കുന്നതാണ്. അംഗ വൈകല്യം ബാധിച്ചവർക്കും, എല്ലാ രോഗികൾക്കും ആവശ്യമായ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട് എന്നതും പ്രത്യേകം പരിശോധിക്കുന്നതാണ്.

ബയോമെഡിക്കൽ വേസ്റ്റ് അലക്ഷ്യമായി വലിച്ചെറിയുന്നുണ്ടോ എന്നതും, പ്രത്യേകം ശേഖരിക്കുകയും, അതു സംസ്കരിക്കുന്നതിന് സ്വന്തമായോ, പ്രത്യേക സംവിധാനമോ വഴി നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും, ബയോ മെഡിക്കൽ വേസ്റ്റ് സംസ്കരിക്കാനുള്ള മുകളിൽ പരാമർശിക്കുന്ന ഘടകങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്നും പരിശോധിക്കുന്നതാണ്.

ആശുപത്രി പരിസരത്ത് വെള്ളം കെട്ടികിടക്കുന്നുണ്ടോയെന്നും പരിസരം വൃത്തിയായി സൂക്ഷിക്കുകയും അടുക്കളയും ആശുപത്രിയുടെ പൊതു വൃത്തിയും ഫലപ്രദമായി സൂക്ഷിക്കുന്നുവെന്നും പരിശോധിക്കുന്നതായിരിക്കും.

**അപേക്ഷ സ്വീകരിക്കേണ്ട അവസാന തീയതി**

ആശുപത്രികളിൽ നിന്ന് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി **2010 ഫെബ്രുവരി 28** ആണ്.

**അപേക്ഷ സമർപ്പിക്കേണ്ട സ്ഥലം**

അപേക്ഷകൾ ജില്ലാതലത്തിൽ DMO സ്വീകരിച്ച ശേഷം ഈ അപേക്ഷകൾ ജില്ലാ തല പരിശോധനയ്ക്കുവേണ്ടി ടി.എസ്.സി. ജില്ലാ കോർഡിനേറ്റർക്ക് കൈമാറേണ്ടതാണ്. ഇതോടൊപ്പമുള്ള നിശ്ചിത ഫോറത്തിലായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്.

**ജില്ലാ തല പരിശോധനാ ടീം**

ജില്ലാകളക്ടർ നിശ്ചയിക്കുന്ന 5 പേരടങ്ങുന്ന ടീമാണ് പരിശോധന നടത്തുന്നത്. ഈ പരിശോധനാ ടീമിൽ ADM അദ്ധ്യക്ഷനും, സമ്പൂർണ്ണ ശുചിത്വ യജ്ഞത്തിന്റെ ജില്ല കോ-ഓർഡിനേറ്റർ കൺവീനറും, ഒരു സാമൂഹ്യ പ്രവർത്തകൻ / പ്രവർത്തക, ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് ചെയർമാൻ / മുതിർന്ന അംഗം, ആരോഗ്യ വകുപ്പ് പ്രതിനിധി എന്നിവർ അംഗങ്ങളും ആയിരിക്കും. ടീമിൽ കുറഞ്ഞത് ഒരു വനിത എങ്കിലും അംഗമായിരിക്കണം. പരിശോധനാ റിപ്പോർട്ട് ജില്ലാ തല അവാർഡ് നിർണ്ണയ കമ്മിറ്റിയ്ക്ക് നൽകേണ്ടതാണ്.

**ജില്ലാ തല അവാർഡ് നിർണ്ണയ കമ്മിറ്റി**

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, ഡിഎംഒ, ഡിഡി (Edn), ജില്ലാ സോഷ്യൽ വെൽഫയർ ഓഫീസർ, ജില്ലാ സാങ്കേതിക സമിതിയുടെ അദ്ധ്യക്ഷൻ, പ്രസ്ക്ളബ് സെക്രട്ടറി / പ്രസിഡന്റ് റ്റി.എസ്സ്.സ്സി.കോർഡിനേറ്റർ (കൺവീനർ) അടങ്ങിയ സമിതിയായിരിക്കും അവാർഡുകൾ നിശ്ചയിച്ച് പ്രഖ്യാപിക്കുന്നത്.